3959
23/3/15

# കേരള സർക്കാർ

## സംഗ്രഹം

പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് - പട്ടികജാതി വികസന വകുപ്പിന്റെ കീഴിലുള്ള മലപ്പുറം നെന്മിനി ആൺകുട്ടികളുടെ പ്രീമെട്രിക് ഹോസ്റ്റൽ കെട്ടിട നിർമ്മാണത്തിന് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

==========================================================================

**പട്ടികജാതി പട്ടികവർഗ്ഗ വികസന (ബി) വകുപ്പ്**

**സ.ഉ.(സാധാ) നം. 494/2015/പജപവവിവ തീയതി, തിരുവനന്തപുരം.20/03/2015**

==========================================================================

**പരാമർശം:** പട്ടികജാതി വികസന വകുപ്പ് ഡയറക്ടറുടെ എഡ്യൂക്കേഷൻ C-3 13623/14 നമ്പർ പ്രൊപ്പോസൽ

**ഉത്തരവ്**

പട്ടികജാതി വികസന വകുപ്പിന്റെ കീഴിലുള്ള മലപ്പുറം ജില്ലയിലെ പെരിന്തൽമണ്ണ ബ്ലോക്കിലെ നെന്മിനി ആൺകുട്ടികളുടെ പ്രീമെട്രിക് ഹോസ്റ്റൽ നിർമ്മാണത്തിനായി PWD ലഭ്യമാക്കിയ DSR -2013 പ്രകാരമുള്ള 115 ലക്ഷം രൂപയുടെ പ്രൊപ്പോസൽ പട്ടികജാതി വികസന വകുപ്പ് ഡയറക്ടർ പരാമർശ പ്രകാരം ഭരണാനുമതിയ്ക്കായി സമർപ്പിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയുണ്ടായി. പട്ടികജാതി വികസന വകുപ്പിന്റെ കീഴിൽ മലപ്പുറം ജില്ലയിലെ നെന്മിനി ആൺകുട്ടികളുടെ പ്രീമെട്രിക് ഹോസ്റ്റൽ കെട്ടിട നിർമ്മാണത്തിനായി 115 ലക്ഷം രൂപ(നൂറ്റിപതിനഞ്ച് ലക്ഷം രൂപ മാത്രം) അനുവദിച്ച് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു

3. മേൽ ഇനത്തിലുള്ള ചെലവ് നടപ്പ് സാമ്പത്തിക വർഷത്തിലെ 4225-01-800-89(P) എന്ന ശീർഷകത്തിൽ നിന്നും വഹിക്കാവുന്നതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
കെ.പി.രമാദേവി
അഡീഷണൽ സെക്രട്ടറി

*ഡയറക്ടർ, പട്ടികജാതി വികസന വകുപ്പ്, തിരുവനന്തപുരം*
*പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എസ്&ജി സെക്ടർ), (ഇ&ആർ സെക്ടർ) കേരള, തിരുവനന്തപുരം.*
*ചീഫ് എൻജിനീയർ, കെട്ടിടവിഭാഗം, പൊതുമരാമത്ത് വകുപ്പ്*
*ഇൻഫർമേഷൻ ഓഫീസർ, വെബ് ആന്റ് ന്യൂ മീഡിയ ഐ & പിആർഡി. തിരുവനന്തപുരം.*
*കരുതൽ ഫയൽ/ഓഫീസ് കോപ്പി.*

ഉത്തരവിൻ പ്രകാരം

Bali K.T

സെക്ഷൻ ഓഫീസർ